(ബി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഇത്തരം സമിതികൾ രൂപീകരിച്ചിട്ടുണ്ടോ;

(സി) കണ്ണൂർ ജില്ലയിൽ എത്ര താലൂക്ക് സമിതികൾ രൂപീകരിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാം ഗ്രാമ പഞ്ചായത്തുകളിലാണ് രൂപീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 28-8-2002-ലെ ജി.ഒ.(എം.എസ്.) 285/02/പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം താലൂക്ക്/ഗ്രാമ പഞ്ചായത്ത് തലങ്ങളിൽ ദേശീയോദ്ഗ്രഥന സമിതികൾ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇപ്രകാരം രൂപീകരിക്കപ്പെടുന്ന താലൂക്ക് തല സമിതിയിൽ ചെയർമാനും കൺവീനറുമായ തഹസിൽദാരെക്കാളും ഉയർന്ന റാങ്കിലുള്ള ഡിവൈ. എസ്. പി. യും, പഞ്ചായത്തുതല സമിതിയിൽ സർക്കിൾ ഇൻസ്പെക്ടറും അംഗമായിരിക്കുന്നതിൽ അപാകതയുണ്ടെന്ന് ചൂണ്ടിക്കാണിച്ചതിനാലാണ് താലൂക്ക് തല സമിതിയിൽ സർക്കിൾ ഇൻസ്പെക്ടറെയും, ഗ്രാമപഞ്ചായത്തുതല സമിതിയിൽ ബന്ധപ്പെട്ട പോലീസ് സബ് ഇൻസ്പെക്ടറെയും ഉൾപ്പെടുത്തിക്കൊണ്ട് 7-8-2003-ലെ ജി.ഒ.(എം.എസ്.) 229/03 പൊ.ഭ.വ. പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചത്.

(ബി) കണ്ണൂർ ജില്ലയിൽ രൂപീകരിച്ചിട്ടില്ലെന്നും എന്നാൽ ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിൽ ഇത്തരം സമിതികൾ രൂപീകരിച്ചിട്ടുണ്ടെന്നും ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ അറിയിച്ചിട്ടുണ്ട്. മറ്റ് ജില്ലകളെ സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) കണ്ണൂർ ജില്ലയിൽ താലൂക്ക്/ഗ്രാമ പഞ്ചായത്തുതല സമിതികൾ ഇതുവരെ രൂപീകരിച്ചിട്ടില്ല. എന്നാൽ പ്രസ്തുത സമിതികൾ അടിയന്തിരമായി രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതായി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

2003-2004-ലെ വാർഷിക പദ്ധതി

16 [16] ഡോ. തോമസ് ഐസക്:
ശ്രീ. മത്തായി ചാക്കോ:
,, എം. വി. ജയരാജൻ:
,, ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-2005-ലെ വാർഷിക പദ്ധതിയുടെ അടങ്കൽ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്ര;

(ബി) 2003-2004-ലെ വാർഷിക പദ്ധതിയുടെ മൊത്തം അടങ്കൽ തുക എത്രയായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത വാർഷിക പദ്ധതി തുക പൂർണ്ണമായും വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) 2003-2004-ലെ വാർഷിക പദ്ധതി തുകയിൽ വെട്ടിക്കുറവുവരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത പദ്ധതി തുകയിൽ എന്തു തുക 31-12-2003 വരെ ചെലവഴിച്ചിട്ടുണ്ട്; ഇത് എത്ര ശതമാനം വരുമെന്ന് വിശദമാക്കാമോ;

(എഫ്) പ്രസ്തുത വർഷം ഓരോ മേഖലയിലും എന്തു തുക വീതം ചെലവഴിച്ചിട്ടുണ്ടെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ജി) 2004-2005-ലെ വാർഷിക പദ്ധതിയിൽ ഓരോ മേഖലയ്ക്കും നീക്കിവച്ചിട്ടുള്ള തുക എത്ര വീതമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 4800 കോടി രൂപയ്ക്കുള്ള അടങ്കൽ നിശ്ചയിച്ചിട്ടുണ്ട്.

(ബി) 4430.25 കോടി രൂപ.

(സി) ഇല്ല.

(ഡി) ഇല്ല.

(ഇ) 1969.06 കോടി രൂപ (താൽക്കാലിക കണക്ക്) ചെലവഴിച്ചിട്ടുണ്ട്. ഇത് മൊത്തം അടങ്കലിന്റെ 44 ശതമാനമാണ്.

(എഫ്) അനുബന്ധം ആയി കൊടുത്തിരിക്കുന്നു.†

(ജി) അനുബന്ധം ആയി കൊടുത്തിരിക്കുന്നു.†

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ

17 [17] ശ്രീ. എം. പി. ഗംഗാധരൻ:
,, ഡി. സുഗതൻ:
,, കെ. എ. ചന്ദ്രൻ:
,, തേറമ്പിൽ രാമകൃഷ്ണൻ:

ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ഉന്നമനത്തിനായുള്ള പദ്ധതിക്ക് മുൻഗണന നൽകുവാനുദ്ദേശ്യമുണ്ടോ;

† അനുബന്ധം IV, IV എ

LIBRARY ARCHIVES Kerala Legislative Assembly